# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 279 — 19/06/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതിയുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ഒ.ആർ.കേളു | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ഭവനരഹിതരില്ലാത്ത സംസ്ഥാനമെന്ന സ്വപ്നം സാക്ഷാൽക്കരിക്കാനായി നടപ്പാക്കി വരുന്ന ലൈഫ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പാതിവഴിയിൽ നിർമ്മാണം നിലച്ചുപോയ വീടുകൾ പൂർത്തിയാക്കുക എന്ന ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ട ലക്ഷ്യം നിറവേറിയോ എന്ന് അറിയിക്കാമോ ; | എ) | ലൈഫ് മിഷൻ പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. ഒന്നാംഘട്ടം - പൂർത്തീകരിക്കുവാനുണ്ടായിരുന്ന 54497 ഭവനങ്ങളിൽ 50551 ഭവനങ്ങൾ പൂർത്തീകരിച്ചു (93%). ബാക്കിയുള്ള 3946 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്.<br><br>രണ്ടാംഘട്ടം - ഭൂമിയുള്ള ഭവന രഹിതരായി കണ്ടെത്തിയ 184255 ഗുണഭോക്താക്കളിൽ 98212 ഗുണഭോക്താക്കൾ മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തുകയും അതിൽ 86192 പേർ എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 17036 വീടുകൾ നാളിതുവരെ പൂർത്തീകരിക്കുകയും ചെയ്തു.<br><br>മൂന്നാംഘട്ടം - ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയ 337416 ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പ്രാരംഭ ദശയിലാണ്. ഇതോടൊപ്പം അർഹരായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയം വഴി |

| | | | |
|---|---|---|---|
| | | | ഫ്ലാറ്റുകൾ നൽകുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. ഇതിലേക്കായി 14 ജില്ലകളിലായി 70-ഓളം സ്ഥലങ്ങൾ ജില്ലാ കളക്ടർമാർ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കണ്ടെത്തിയിട്ടുണ്ട്.<br><br>പാതിവഴിയിൽ നിർമ്മാണം നിലച്ചുപോയ വീടുകളിൽ 93% വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിലേക്കായി 618.02 കോടി രൂപ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. ബാക്കിയുള്ള വീടുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് സാമ്പത്തികസഹായം നൽകുന്ന രണ്ടാംഘട്ട പദ്ധതിയിൽ നിർണ്ണയിക്കപ്പെട്ട ഗുണഭോക്താക്കളുടെയും നിർമ്മാണം ആരംഭിച്ച വീടുകളുടെയും വിശദാംശം ലഭ്യമാക്കാമോ; | ബി) | ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവന രഹിതരായി കണ്ടെത്തിയ 184255 ഗുണഭോക്താക്കളിൽ 98212 ഗുണഭോക്താക്കൾ മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തുകയും അതിൽ 86192 പേർ എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ 17036 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കായി നാളിതുവരെ 1887.57 കോടി രൂപ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിയിട്ടുണ്ട്.ബാക്കിയുള്ള ഗുണഭോക്താക്കൾ അടിയന്തിരമായി രേഖകൾ ഹാജരാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ? | സി) | ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവന രഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയം വഴി ഫ്ലാറ്റുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനു വേണ്ടി 14 ജില്ലകളിലായി കണ്ടെത്തിയിട്ടുള്ള 56-ഓളം സ്ഥലങ്ങളുടെ അനുയോജ്യതാ പരിശോധന നടന്നുവരികയാണ്. കൂടാതെ ജില്ലയിൽ ഒന്നു വീതം ഭവന സമുച്ചയം പൈലറ്റായി നിർമ്മിക്കുന്നതിനുള്ള നടപടിയും |

| | | | |
|---|---|---|---|
| | | | പുരോഗതിയിലാണ്. ഇതിലേക്കായി ഹാബിറ്റാറ്റ് ടെക്നോളജി, തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസി - കളായി തെരഞ്ഞെടുത്തിട്ടുമുണ്ട്. ഇവർ മുഖേന എട്ട് ജില്ലകളിലെ ഭവന സമുച്ചയങ്ങളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി കഴിഞ്ഞു. കൂടാതെ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഒരു അപ്പാർട്ട്മെന്റ് കോംപ്ലക്സ് (217 - അപ്പാർട്ട്മെന്റ്) ഭവനം ഫൗണ്ടേഷനിൽ നിന്നും 24,82,74,484 രൂപയ്ക്ക് വാങ്ങി അടിമാലി ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ